# വനിതാ ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ: അനുപമ.ടി.വി. ഐ.എ.എസ്സ്)**

**ഉത്തരവ് നമ്പർ: ഇ6/ 10406/20/ WCD** **തിരുവനന്തപുരം, തീയതി : 08.01.2021**

വിഷയം:- വനിതാ ശിശു വികസന വകുപ്പ്- ജീവനക്കാര്യം- വാച്ച്മാൻ/വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരുടെ പുനർവിന്യാസം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സ.ഉ(കൈ) നം.24/2017/സാ.നീ.വ. തീയതി 30.06.2017

2. സ.ഉ(കൈ) നം.37/2020/സാ.നീ.വ. തീയതി 28.12.2020

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും വികസനത്തിനുമായി സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് രൂപീകരിക്കുകയും ശേഷം ഇരു വകുപ്പുകളിലേയും കേഡർ സ്ട്രെങ്ത് നിശ്ചയിച്ച് വിവിധ തസ്തികകളിലെ ജീവനക്കാരെ ഇരു വകുപ്പുകളിലേയ്ക്ക് പുനർവിന്യസിക്കുകയും ചെയ്തിരുന്നുവെങ്കിലും വാച്ച്മാൻ/വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരുടെ പുനർവിന്യാസ നടപടികൾ നാളിതുവരെ പൂർത്തിയായിരുന്നില്ല. ഇരു വകുപ്പുകളിലെയും ഓഫീസ് അറ്റൻഡന്റ് / വാച്ച്മാൻ/ വാച്ച് വുമൺ തസ്തികകകളുടെ കേഡർ സ്ട്രെങ്ത് പുനർവിന്യസിച്ചപ്പോൾ വകുപ്പ് വിഭജനത്തിനു മുൻപുണ്ടായിരുന്നതിൽ നിന്നും ഓഫീസ് അറ്റൻഡന്റ്, വാച്ച് വുമൺ തസ്തികകളുടെ എണ്ണം കൂട്ടുകയും വാച്ച്മാൻ തസ്തികയുടെ എണ്ണം കുറയുകയും ചെയ്യുകയും തുടർന്ന് കുറവ് വന്ന വാച്ച്മാൻ തസ്തികയിലെ ജീവനക്കാരെ ഓഫീസ് അറ്റൻഡന്റ്, വാച്ച് വുമൺ തസ്തികകളിലേയ്ക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി ഡയറക്ടർ മുഖാന്തിരം സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ വാച്ച്മാൻ/വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരെ പരാമർശം 2 ലെ ഉത്തരവ് പ്രകാരം തസ്തികമാറ്റവും പുനർവിന്യാസവും അന്തർജില്ലാ സ്ഥലംമാറ്റവും നടത്തി ക്രമീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വനിത ശിശുവികസന വകുപ്പിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം, അന്തർജില്ലാ സ്ഥലംമാറ്റം എന്നിവ വഴി രണ്ടാം പരാമർശിത ഉത്തരവ് പ്രകാരം പുനർവിന്യസിക്കപ്പെട്ട ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു. ടി ജീവനക്കാരെ ടിയാളുകളുടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ തസ്തികമാറ്റം അനുവദിച്ച് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. വനിത ശിശു വികസന വകുപ്പിനു കീഴിൽ പാലക്കാട് ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ രണ്ടൊഴിവ് നിലവിലുള്ളതിനാൽ സീനിയോറിറ്റി ക്രമം പാലിച്ച് ക്രമ നം.6, 7 എന്നിവയിലെ ജീവനക്കാർക്ക് പാലക്കാട് ജില്ലയിലും യാത്രാസൗകര്യം കൂടി കണക്കിലെടുത്ത് ക്രമനം. 8 ലെ ജീവനക്കാരന് കണ്ണൂർ ജില്ലയിലെ ഒഴിവിലും ക്രമ നം. 9 ലെ ജീവനക്കാരന് എറണാകുളം ജില്ലയിലെ ഒഴിവിലും സർക്കാർ സാധൂകരണത്തിന് വിധേയമായി തസ്തികമാറ്റം അനുദിച്ച് നിയമിക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | ഓഫീസ് അറ്റൻഡന്റായി പുനർവിന്യസിക്കുന്ന കാര്യാലയം, ജില്ല. | അഭിപ്രായം |
|---|---|---|---|---|
| **തിരുവനന്തപുരം** | | | | |
| 1 | ശ്രീ.അനൂപ്.എൻ.എസ്സ് | ഗവ.കെയർ ഹോം, തിരുവനന്തപുരം | വനിത പ്രൊട്ടക്ഷൻ ഓഫീസ്, തിരുവനന്തപുരം | താൽക്കാലിക നിയമനം-പുനപരിശോധിക്കുന്നതാണ്. |
| **കൊല്ലം** | | | | |
| 2 | ശ്രീ.സജീവ്.എൽ | ICDS മുഖത്തല | ICDS അഞ്ചൽ അഡീ. | |
| **പത്തനംതിട്ട** | | | | |
| 3 | ശ്രീ.ഷിനോ.പി.ആർ | ഗവ.വൃദ്ധസദനം, പത്തനംതിട്ട | ICDS കോന്നി | |
| **കോട്ടയം** | | | | |
| 4 | ശ്രീ. ഷാൻ.എം.ജെ | ICDS ഏറ്റുമാനൂർ | ICDS പള്ളം | |
| **തൃശ്ശൂർ** | | | | |
| 5 | ശ്രീ.പ്രശാന്ത്.പി.എസ്സ് | ഗവ.വൃദ്ധസദനം, തൃശ്ശൂർ | ICDS സെൽ, തൃശ്ശൂർ | |
| **പാലക്കാട്** | | | | |
| 6 | ശ്രീ.കണ്ണപ്പൻ.എൻ | ICDS ചിറ്റൂർ | ICDS തൃത്താല | |
| 7 | ശ്രീ.ശ്രീകാന്ത്.കെ | ICDS ഒറ്റപ്പാലം | ICDS തൃത്താല അഡീ. | |
| 8 | ശ്രീ.ഷിബു.സി.എസ്സ് | ICDS പാലക്കാട് | ICDS എടക്കാട് അഡീ. **കണ്ണൂർ ജില്ല** | അന്തർ ജില്ലാ സ്ഥലംമാറ്റം |
| 9 | ശ്രീ.രാജീവ്.കെ | ICDS പട്ടാമ്പി | ICDS മൂവാറ്റുപുഴ **എറണാകുളം ജില്ല** | അന്തർ ജില്ലാ സ്ഥലംമാറ്റം |
| **മലപ്പുറം** | | | | |
| 10 | ശ്രീ.അബ്ദുൾ സലാം.കെ | ICDS നിലമ്പൂർ | ICDS വേങ്ങര | അപേക്ഷ |

| | | | | |
|---|---|---|---|---|
| **കോഴിക്കോട്** | | | | |
| 11 | ശ്രീ.ലിബീഷ്.ടി.കെ | ഗവ.വൃദ്ധസദനം, കോഴിക്കോട് | മഹിളാമന്ദിരം, മലപ്പുറം (താൽക്കാലിക നിയമനം- മഹിളാമന്ദിരത്തിൽ വനിത ഒഎ യെ നിയമിക്കുന്ന മുറയ്ക്ക് മാറ്റി നിയമിക്കുന്നതാണ് ) **മലപ്പുറം ജില്ല** | അന്തർ ജില്ലാ സ്ഥലംമാറ്റം |
| **കണ്ണൂർ** | | | | |
| 12 | ശ്രീ.പ്രവീൺ.സി | ICDS ഇരിക്കൂർ | ICDS കണ്ണൂർ റൂറൽ | |

മേൽ തസ്തികമാറ്റ നിയമനങ്ങളിൽ ക്രമ നം. 8, 9, 11 എന്നിവയിലെ അന്തർ ജില്ലാ സ്ഥലംമാറ്റങ്ങൾ തികച്ചും താൽക്കാലികമായിരിക്കുന്നതും മാതൃ ജില്ലയിൽ ഒഴിവ് വരുന്ന മുറയ്ക്ക് ടി ജീവനക്കാരെ പുനർവിന്യസിക്കുന്നതുമാണ്.

വനിത ശിശുവികസന വകുപ്പിലെ അനുവദനീയമായ 12 വാച്ച്മാൻ തസ്തികയിലേയ്ക്ക് രണ്ടാം പരാമർശിത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം ജീവനക്കാരെ പുനർവിന്യസിച്ച് ബന്ധപ്പെട്ട കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | വാച്ച്മാൻ തസ്തികയിൽ പുനർവിന്യസിച്ച് നിയമിക്കുന്ന കാര്യാലയം. | അഭിപ്രായം |
|---|---|---|---|---|
| **തിരുവനന്തപുരം** | | | | |
| 1. | ശ്രീ.സാം കുമാർ.എസ്സ് | വനിത ശിശു വികസന ഡയറക്ടറേറ്റ് | വനിത ശിശു വികസന ഡയറക്ടറേറ്റ് | |
| 2 | ശ്രീ.നിഖിൽ.സി | ഗവ.ആശാഭവൻ(സ്ത്രീകൾ), തിരുവനന്തപുരം | ഗവ.ചിൽഡ്രൻസ് ഹോം. തിരുവനന്തപുരം | |
| **കൊല്ലം** | | | | |
| 3 | ശ്രീ.ജയശങ്കർ.ആർ | ഗവ.വൃദ്ധസദനം, കൊല്ലം | ഗവ.ചിൽഡ്രൻസ് ഹോം, കൊല്ലം | |

| | | | | |
|---|---|---|---|---|
| **ആലപ്പുഴ** | | | | |
| 4 | ശ്രീ.ബിജുമോൻ.എം | ഗവ.ബാലവികലാംഗ സദനം, ആലപ്പുഴ | ഗവ.ചിൽഡ്രൻസ് ഹോം,മായിത്തറ, ആലപ്പുഴ | |
| 5 | ശ്രീ.വിഷ്ണു വിമലൻ | ഗവ.ചിൽഡ്രൻസ് ഹോം, ആലപ്പുഴ | ഗവ.ചിൽഡ്രൻസ് ഹോം,നൂറനാട്, ആലപ്പുഴ | |
| **കോട്ടയം** | | | | |
| 6 | ശ്രീ. അഷറദ്ദീൻ.എം | ICDS കടുത്തുരുത്തി | ഗവ.ചിൽഡ്രൻസ് ഹോം, കോട്ടയം | |
| **തൃശ്ശൂർ** | | | | |
| 7 | ശ്രീ.അരുൺ.കെ | ICDS പഴയന്നൂർ | ഗവ.ചിൽഡ്രൻസ് ഹോം, തൃശ്ശൂർ | |
| **മലപ്പുറം** | | | | |
| 8 | ശ്രീ.ഷറഫുദ്ദീൻ | റസ്ക്യൂ ഹോം, മലപ്പുറം | റസ്ക്യൂ ഹോം, മലപ്പുറം | |
| 9 | ശ്രീ.മുഹമ്മദ് നിസ്സാർ | ഗവ.ചിൽഡ്രൻസ് ഹോം, മലപ്പുറം | ഗവ.ചിൽഡ്രൻസ് ഹോം, മലപ്പുറം | |
| **കോഴിക്കോട്** | | | | |
| 10 | ശ്രീ.റംഷീദ്.എൻ.കെ | ഗവ.ചിൽഡ്രൻസ് ഹോം (ബോയ്സ്), കോഴിക്കോട് | ഗവ.ചിൽഡ്രൻസ് ഹോം (ബോയ്സ്), കോഴിക്കോട് | |
| 11 | ശ്രീ.ജയേഷ് കുമാർ.വി.കെ | ഗവ.ചിൽഡ്രൻസ് ഹോം (ബോയ്സ്), കോഴിക്കോട് | ഗവ.ചിൽഡ്രൻസ് ഹോം (ബോയ്സ്), കോഴിക്കോട് | |
| **കണ്ണൂർ** | | | | |
| 12 | ശ്രീ.വിജേഷ് വെള്ളുവക്കണ്ടി | ICDS പേരാവൂർ | ഗവ.ചിൽഡ്രൻസ് ഹോം, തലശ്ശേരി, കണ്ണൂർ | |

വനിത ശിശുവികസന വകുപ്പിലെ അനുവദനീയമായ 8 വാച്ച് വുമൺ തസ്തികകളിൽ 6 തസ്തികകളിലേയ്ക്ക് രണ്ടാം പരാമർശിത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം ജീവനക്കാരെ പുനർവിന്യസിച്ച് അതാത് കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. വനിത ശിശു വികസന വകുപ്പിന്റെ കേഡർ സ്ട്രങ്ത് പ്രകാരം മലപ്പുറം ജില്ലയിൽ വാച്ച് വുമണിന്റെ ഒരു തസ്തികയാണുള്ളത്. എന്നാൽ രണ്ടാം പരാമർശിത ഉത്തരവിൽ രണ്ട് ജീവനക്കാരെ മലപ്പുറം ജില്ലയിലേയ്ക്ക് പുനർവിന്യസിച്ചിട്ടുള്ളതിനാൽ സർക്കാർ സാധൂകരണത്തിന് വിധേയമായി മലപ്പുറം ജില്ലയിലെ ജൂനിയറായ ജീവനക്കാരിയെ കോഴിക്കോട് ജില്ലയിലേയ്ക്ക് മാറ്റി നിയമിക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | വാച്ച് വുമൺ തസ്തികയിൽ പുനർവിന്യസിച്ച് നിയമിക്കുന്ന കാര്യാലയം. | അഭിപ്രായം |
|---|---|---|---|---|
| **കൊല്ലം** | | | | |
| 1 | ശ്രീമതി.രാജലക്ഷ്മി.ആർ | ഗവ. ആഫ്റ്റർ കെയർ ഹോം, കൊല്ലം | ഗവ. ആഫ്റ്റർ കെയർ ഹോം, കൊല്ലം | |
| **ആലപ്പുഴ** | | | | |
| 2 | ശ്രീമതി.മഞ്ജു.പി | ഗവ.ചിൽഡ്രൻസ് ഹോം(ഗേൾസ് ), ആലപ്പുഴ | ഗവ. ആഫ്റ്റർ കെയർ ഹോം, കൊല്ലം. (കൊല്ലം ജില്ല) | അന്തർ ജില്ലാ സ്ഥലംമാറ്റം |
| **എറണാകുളം** | | | | |
| 3 | ശ്രീമതി.സരിത.കെ.ബി | മഹിളാമന്ദിരം, എറണാകുളം | ഗവ.ചിൽഡ്രൻസ് ഹോം(ഗേൾസ് ), എറണാകുളം | |
| **മലപ്പുറം** | | | | |
| 4 | ശ്രീമതി.സുനിത.കെ.എസ്സ് | റസ്ക്യൂ ഹോം, മലപ്പുറം | ഗവ.ചിൽഡ്രൻസ് ഹോം, മലപ്പുറം | |
| 5 | ശ്രീമതി.അമീറ കാപ്പിൽ | റസ്ക്യൂ ഹോം, മലപ്പുറം | ഗവ. ആഫ്റ്റർ കെയർ ഹോം, കോഴിക്കോട് **കോഴിക്കോട് ജില്ല.** | അന്തർ ജില്ലാ സ്ഥലംമാറ്റം |

| കോഴിക്കോട് | | | | |
|---|---|---|---|---|
| 6 | ശ്രീമതി.ആബിദാ ബീഗം.വി.കെ | ഗവ.ഷോർട്ട് സ്റ്റേ ഹോം, കോഴിക്കോട് | ഗവ.ഷോർട്ട് സ്റ്റേ ഹോം, കോഴിക്കോട് | |

മേൽ പട്ടികയിലെ വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരുടെ പുനർവിന്യാസത്തിലെ ക്രമ നം. 2, 5 എന്നിവയിലെ അന്തർ ജില്ലാ സ്ഥലംമാറ്റങ്ങൾ തികച്ചും താൽക്കാലികമായിരിക്കുന്നതും മാതൃ ജില്ലയിൽ ഒഴിവ് വരുന്ന മുറയ്ക്ക് ടി ജീവനക്കാരെ പുനർവിന്യസിക്കുന്നതുമാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1. എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
2. സൂപ്രണ്ട്, ഐടി സെൽ (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്